പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2277** — **15.07.2011 - ൽ മറുപടിക്ക്**

## ദേശീയപാതകളിൽ അപകടമുന്നറിയിപ്പ് സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. ബി. സത്യൻ** | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊ.മരാമത്ത് വകുപ്പുമന്ത്രി)** |
| (എ) ദിനംപ്രതി ഏറ്റവുമധികം അപകടമരണങ്ങൾ സംഭവിക്കുന്ന കൊല്ലം -തിരുവനന്തപുരം ദേശീയ പാതയിലും കിളിമാനൂർ- ; തിരുവനന്തപുരം എം.സി. റോഡിലും ആലംകോട്, മാമം, തോന്നയ്ക്കൽ, പൊരുന്തമൺ തുടങ്ങിയ കേന്ദ്രങ്ങളിലും റോഡ് സുരക്ഷയ്ക്ക് എന്തെല്ലാം നടപടികളാണ് മരാമത്ത് വകുപ്പ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വിശദമാക്കാമോ; | (എ) ആലംകോട്-മാമം ദേശീയപാതയുടെ ഭാഗം മാതൃകാറോഡായി താഴെപ്പറയുന്ന സുരക്ഷാ മാർഗ്ഗങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.<br>1. ട്രാഫിക് സൈൻ ബോർഡുകൾ സ്ഥാപിച്ചിട്ടുണ്ട്.<br>2. സെൻട്രൽ ലൈൻ/എഡ്ജ് ലൈൻ/ പെഡസ്ട്രിയൻ ക്രോസിംഗ് എന്നിവ റോഡ് മാർക്കിംഗ് പെയിന്റുപയോഗിച്ച് മാർക്ക് ചെയ്തിട്ടുണ്ട്.<br>3. റിഫ്ളക്റ്റീവ് ടൈൽസ്, റോഡ് സ്റ്റഡ്സ്, ക്രാഷ്ബാരിയേഴ്സ് എന്നിവ പിടിപ്പിച്ചിട്ടുണ്ട്.<br>കെ.എസ്.ടി.പി. ഒന്നാംഘട്ടത്തിൽ ഉൾപ്പെട്ടത് എം.സി. റോഡിന്റെ വെഞ്ഞാറമൂട് മുതൽ ചെങ്ങന്നൂർ വരെയുള്ള ഭാഗത്തെ പണികൾ പൂർത്തീകരിച്ചു. പദ്ധതിയുടെ ഭാഗമായി ആവശ്യം വേണ്ടുന്ന റോഡ് മാർക്കിങ്, സൈൻ ബോർഡുകൾ, വേഗത കുറയ്ക്കുന്നതിനുള്ള ഹമ്പ്, ക്രാഷ് ബാരിയർ മുതലായവ സ്ഥാപിച്ചു കഴിഞ്ഞു. എന്നാൽ റോഡിന്റെ നിലവാരം മെച്ചപ്പെട്ടതോടുകൂടി വാഹനങ്ങളുടെ വേഗത അനിയന്ത്രിതമായ രീതിയിൽ വർദ്ധിച്ചിട്ടുണ്ട്. ഇതു മൂലം ധാരാളം വാഹന അപകടങ്ങൾ ഇപ്പോൾ |

| | | | |
|---|---|---|---|
| | | | നിയന്ത്രണത്തിനുള്ള പോലീസ് സംവിധാനം അപര്യാപ്തമായതിനാൽ വേഗത കുറയ്ക്കുന്നതിനുള്ള മറ്റ് സംവിധാനങ്ങൾ റോഡ് സുരക്ഷയുടെ ഭാഗമായി ഫണ്ടിന്റെ ലഭ്യതയനുസരിച്ച് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | ഏറ്റവുമധികം ഗതാഗതക്കുരുക്ക് നേരിടുന്ന ആറ്റിങ്ങൽ ടൗൺ റോഡ് വികസിപ്പിക്കാൻ നിലവിൽ എന്തെങ്കിലും പദ്ധതിയുണ്ടോ; | (ബി) | ആറ്റിങ്ങൽ ടൗൺ റോഡ് വികസിപ്പിക്കാൻ നിലവിൽ പദ്ധതിയുള്ളതായി കാണുന്നില്ല. |
| (സി) | കൊല്ലം-തിരുവനന്തപുരം ബൈപ്പാസ് നിർമ്മാണം ഏത് ഘട്ടത്തിലാണ് എന്ന് വ്യക്തമാക്കാമോ; | (സി) | കൊല്ലം ബൈപ്പാസ് രണ്ടുവരിപ്പാതയുടെ നിർമ്മാണത്തിന് സ്പെഷ്യൽ പാക്കേജിൽ ഉൾപ്പെടുത്തി153 കോടി രൂപ കേന്ദ്ര ഉപരിതല ഗതാഗതമന്ത്രാലയം അനുവദിച്ചിട്ടുണ്ട്. ടി ബൈപ്പാസിന്റെ നിർമ്മാണം പൂർത്തിയാക്കുന്നതിന് 206 കോടി രൂപയുടെ നവീകരിച്ച എസ്റ്റിമേറ്റ് കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന് സമർപ്പിച്ചിട്ടുണ്ട്. എൻ.എച്ച്.ഡി.പി. ഫേസ് III -ൽ ഉൾപ്പെടുത്തി എൻ.എച്ച്.എ.ഐ. കഴക്കൂട്ടം മുതൽ അയിര വരെ 43 കി.മീ. നാലുവരിപ്പാതയാക്കാൻ നിലവിൽ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കഴക്കൂട്ടം മുതൽ കോവളം വരെ 22.6 കി.മീ. റോഡ് രണ്ടുവരിപ്പാതയാക്കിയിട്ടുണ്ട്. പ്രസ്തുത സ്ഥലം 4 വരിപ്പാതയാക്കുവാനായി 45 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്തിട്ടുണ്ട്. കോവളം മുതൽ കോട്ടുകാൽ വരെയുള്ള 5 കി.മീ. ദൂരം 45 മീറ്റർ വീതിയിൽ സ്ഥലമേറ്റെടുത്തു കഴിഞ്ഞു. തുടർന്നുള്ള 15.4 കി.മീ. ദൂരം ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | കഴക്കൂട്ടം മുതലുള്ള നാലു വരിപ്പാത പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി വിശദമാക്കാമോ? | (ഡി) | കഴക്കൂട്ടം മുതൽ ചേർത്തല വരെ 45 മീറ്റർ വീതിയിൽ നാലുവരിപ്പാതയായി വികസിപ്പിക്കുവാൻ ദേശീയപാതവികസനപദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുകയാണ്. പുനരധിവാസ പാക്കേജുമായി ബന്ധപ്പെട്ട് സ്ഥലമെടുപ്പ് പൂർത്തിയാക്കേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ